**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4091** **03-03-2023 - ൽ മറുപടിയ്ക്ക്**

**നീല, വെള്ള കാർഡുടമകൾക്ക് അരി വിഹിതം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട നീല, വെള്ള കാർഡുടമകൾക്ക് പരിമിതമായ തോതിലാണ് റേഷൻ ലഭിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാർഡുടമകൾക്ക് അരി വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിനു നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിനുപരിയായി ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമാണ് (പ്രതിമാസം 33294.198 മെ.ടൺ) മുൻഗണനേതര വിഭാഗത്തിന് (നീല, വെള്ള കാർഡുകൾക്ക്) വിതരണം ചെയ്തു വരുന്നത്. ഭക്ഷ്യ ഭദ്രതാനിയമം നടപ്പിൽ വരുന്നതിനു മുൻപ് എ.പി.എൽ വിഭാഗത്തിന് അധിക വിഹിതമുൾപ്പടെ പ്രതിമാസം 68340 മെ.ടൺ ധാന്യം ലഭ്യമായിരുന്ന സ്ഥാനത്ത് ടൈഡ് ഓവർ വിഹിതമായി 33294.198 മെ.ടൺ ധാന്യം മാത്രമേ നിലവിൽ ലഭ്യമാകുന്നുള്ളൂ. ആയതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല.<br><br>മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന ധാന്യത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കി.ഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു. കൂടാതെ 2022 ഓണക്കാലത്തും അരി വില നിയന്ത്രി ക്കുന്നതിന്റെ ഭാഗമായി 2022 നവംബർ മാസത്തിലും മുൻഗണനേതര വിഭാഗത്തിന് അധിക അരി വിഹിതം വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ അരി വിഹിതം കുറവായ വെള്ള കാർഡുടമകൾക്ക് അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ 6 മുതൽ 10 കിലോ വരെ അരി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ